LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2006 ഫെബ്രുവരി 21, ചൊവ്വ

വാല്യം CXXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2006 ഫെബ്രുവരി മാസം 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 204

സ്വാശ്രയ ഗ്രാമവികസന പദ്ധതി

1 (*204) ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. പി. ടി. തോമസ് :

ശ്രീ. ടി. യു. രാധാകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്ത് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ സ്വാശ്രയ ഗ്രാമവികസന പദ്ധതി നടപ്പാക്കുന്നുണ്ട്;

(ബി) ഇതിന്റെ ഭാഗമായി ഒരു സമഗ്ര സാമ്പത്തിക സാമൂഹ്യ വിഭവ സർവ്വെ നടത്തിയിട്ടുണ്ടോ;

(സി) ഈ സർവ്വെയിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് പരിഗണന നൽകിയിട്ടുള്ളത്;

(ഡി) ഇത്തരത്തിലുള്ള സർവ്വെ സംസ്ഥാനം മുഴുവൻ നടത്തുവാൻ ഉദ്ദേശമുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) : സർ,

(എ) സ്വാശ്രയ ഗ്രാമവികസന പദ്ധതി എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നും തന്നെ സംസ്ഥാനത്ത് നടപ്പാക്കുന്നില്ല. എന്നാൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ സ്വയംപര്യാപ്ത സുസ്ഥിര ഗ്രാമം (S3 പഞ്ചായത്ത്) എന്ന പേരിൽ ഒരു പ്രത്യേക പരിപാടി ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്നുണ്ട്.

(ബി) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സ്വാശ്രയ സ്വയം പര്യാപ്ത സുസ്ഥിര ഗ്രാമം എന്ന പരിപാടിയുടെ ഭാഗമായി ദരിദ്ര കുടുംബങ്ങളെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

(സി) കുടുംബശ്രീ നടത്തുന്ന വിവരശേഖരണത്തിൽ ഓരോ ദരിദ്ര കുടുംബത്തിനും ബാധകമായ ക്ലേശഘടകങ്ങളും, ആരോഗ്യ വിദ്യാഭ്യാസമേഖല, വരുമാനദായകമേഖല എന്നിവയിലെ പ്രശ്നങ്ങളും തൊഴിൽ പരിപാടികൾ കുടുംബത്തിന്റെ ഋണബാധ്യത തുടങ്ങിയവയും ഉൾപ്പെടുന്നു.

(ഡി) സ്വാശ്രയ സ്വയംപര്യാപ്ത സുസ്ഥിര ഗ്രാമം എന്ന പരിപാടിയിലൂടെ തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ, തൃശ്ശൂർ ജില്ലയിലെ കൊടകര, മലപ്പുറം ജില്ലയിലെ മുന്നിയൂർ എന്നീ പഞ്ചായത്തുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ കുടുംബശ്രീ പദ്ധതി നടപ്പാക്കുകയുണ്ടായി. തുടർന്ന് 14 ജില്ലകളിലെയും ഓരോ പഞ്ചായത്തുകളി ലേക്കും വ്യാപിപ്പിച്ചു. അടുത്തഘട്ടം എന്ന നിലയിൽ ഒരു ജില്ലയിൽ 5 പഞ്ചായത്തുകൾ വീതം 70 പഞ്ചായത്തുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിച്ചു. അതിനടുത്ത ഘട്ടമായി ഒരു ജില്ലയിൽ 10 പഞ്ചായത്തുകൾ വീതം 140 പഞ്ചായത്തുകളിൽക്കൂടി ഈ പദ്ധതി വ്യാപിപ്പിക്കാനായി തെരഞ്ഞെടുത്തിട്ടുണ്ട്. ആകെ 227 പഞ്ചായത്തുകളിൽ പരിപാടി നടപ്പാക്കിവരുന്നു. ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പരിപാടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ്ജ് ജെ. മാത്യു: സർ, S3 പഞ്ചായത്തുകളിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത്? അതുകൊണ്ട് എന്ത് പ്രയോജനമാണ് ജനങ്ങൾക്ക് ലഭിക്കുന്നത്?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, വളരെ വിപുലമായ ഉദ്ദേശത്തോടു കൂടിയ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിയാണിത്. സമഗ്രമായ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിശ്ചിത ഭൂപ്രദേശത്ത് കേന്ദ്രീകരിച്ച് നടപ്പാക്കുക വഴി ആ പ്രദേശത്തെ ജനങ്ങളുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനോടൊപ്പം സാമ്പത്തിക വളർച്ചയ്ക്ക് വഴി തെളിയിക്കുകയും അതിലൂടെ സുസ്ഥിര വികസനമെന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാൻ കഴിയുകയും ചെയ്യുമെന്ന ആശയമാണ് സ്വാശ്രയ സ്വയംപര്യാപ്ത സുസ്ഥിര ഗ്രാമങ്ങൾ എന്ന പരിപാടിയിലൂടെ കുടുംബശ്രീ പരീക്ഷിച്ചത്. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പൂർണ്ണമായ സഹകരണത്തോടെ താഴെപ്പറയുന്ന നാഴികക്കല്ലുകൾ സമയബന്ധിതമായി മറികടക്കാനുള്ള പ്രവർത്തനരീതിയാണ് ഈ പദ്ധതിയിലൂടെ ആവിഷ്ക്കരിച്ചത്. എല്ലാ ദരിദ്രകുടുംബങ്ങളേയും സംഘടനാസംവിധാനത്തിൽ കൊണ്ടുവരിക, ദരിദ്ര കുടുംബങ്ങളുടെ നിലവിലുള്ള അവസ്ഥ കണ്ടെത്താൻ അടിസ്ഥാന വിവര ശേഖരണം നടത്തുക, 50% മിതവ്യയ സമ്പാദ്യം വർദ്ധിപ്പിക്കുക, 50% വായ്പ വർദ്ധിപ്പിക്കുക, പാട്ടകൃഷി 100% വർദ്ധിപ്പിക്കുക, 100% അയൽക്കൂട്ടങ്ങളെ ബാങ്ക് ലിങ്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തുക, പാർപ്പിട ശുചിത്വം, കുടിവെള്ളം എന്നീ സൗകര്യങ്ങൾ 100% കുടുംബങ്ങൾക്ക് ലഭ്യമാക്കുക, 3 മാസം കൊണ്ട് ബാലസഭകളുടെ രൂപീകരണം പൂർത്തിയാക്കുക, അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുക, 10 അയൽക്കൂട്ട ആരോഗ്യ സുരക്ഷാസംവിധാനം ആരംഭിക്കുക, എല്ലാ അയൽക്കൂട്ടങ്ങളേയും ഇൻഷ്വറൻസ് സംരക്ഷണത്തിന്റെ പരിധിയിൽ കൊണ്ടുവരിക, വിവിധ വകുപ്പുകൾ, ഏജൻസികൾ, സർക്കാരിതര സംഘടനകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കുക, കുട്ടികൾ, സ്ത്രീകൾ, യുവജനങ്ങൾ, ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്നവർക്കുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക, കുറഞ്ഞത് 100 ഗ്രൂപ്പ് മൈക്രോ സംരംഭങ്ങൾ ആരംഭിക്കുക, പഞ്ചായത്തു തലത്തിൽ ദാരിദ്ര്യനിർമാർജ്ജന ഉപപദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുക, തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ആവിഷ്ക്കരിക്കുന്നത്. അതിനെക്കുറിച്ച് പറയുകയാണെങ്കിൽ ഇന്നു മുഴുവൻ പറഞ്ഞാലും തീരില്ല. അത്രമാത്രം വിപുലമായ പദ്ധതിയാണിത്.

ശ്രീ. ജോർജ്ജ് ജെ. മാത്യു. സർ, ഇപ്പോൾ 227 പഞ്ചായത്തുകളിൽ ഈ പരിപാടി നടപ്പാക്കിവരുന്നു. എല്ലാ പഞ്ചായത്തുകളിലും ഈ പരിപാടി നടപ്പാക്കിയാൽ ഒരു മാതൃക സ്റ്റേറ്റ് എന്ന നിലയിൽ ആ പരിപാടികൾ പൂർത്തിയാക്കാനായി കേന്ദ്ര സഹായം ലഭിക്കാനുള്ള സാഹചര്യം ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, മുന്നോട്ട് വരുന്ന എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾത്തന്നെ സംസ്ഥാനത്തെ മാതൃകാസംസ്ഥാനമാക്കി മാറ്റാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കേന്ദ്രത്തിൽനിന്നുള്ള സഹായത്തിന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന സ്വാശ്രയഗ്രാമവികസനപദ്ധതി ക്ലേശഘടകങ്ങളെ സംബന്ധിച്ചു പറയുന്നുണ്ട്. കേരളത്തിന്റെ പ്രകടമായ പല സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ പല ക്ലേശഘടകങ്ങളും കേരളയാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. ആ ക്ലേശഘടകങ്ങളെ പുനർനിർണ്ണയം ചെയ്യാനുള്ള എന്തെങ്കിലും പദ്ധതികൾ സർക്കാർ ആലോചിക്കുന്നുണ്ടോ? ഉദാഹരണമായി ദാരിദ്ര്യരേഖയെ സംബന്ധിച്ചുള്ള കാഴ്ച്ചപ്പാടുതന്നെ കേരളത്തിന്റെ ജീവിതനിലവാരത്തിന്റെ വളർച്ചയും സാക്ഷരതാനിലവാരവും മറ്റും കണക്കിലെടുത്തുകൊണ്ടുള്ളതാണ്. കേരളത്തിലെ ജനങ്ങളുടെ മറ്റ് ഭൗതികമായ സോഷ്യൽ സെക്യൂരിറ്റി മെഷേഴ്സിന്റെ തുടർച്ചയായ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾക്ക് അനുസൃതമായി നമ്മൾ പിന്നോക്കം പോയതിനെ കുറ്റകരമായി കാണാനും അതിനനുസരിച്ച് ക്ലേശ ഘടകങ്ങൾ പുനർനിർണ്ണയം ചെയ്യാനും ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, കേരളത്തിനനുസൃതമായ രീതിയിൽ പാവപ്പെട്ടവരെ കണ്ടെത്താൻ സ്വീകരിക്കാവുന്ന ഒരു മാനദണ്ഡമാണെന്ന നിലയിലാണ് കുടുംബശ്രീ റിസ്ക് ഫാക്ടേഴ്സ് നിശ്ചയിച്ചത്. വളരെ ഗൗരവമായ പര്യാലോചനകൾക്കുശേഷമാണ് അതുണ്ടായത്. ഇനി അതിന് വലിയ മാറ്റം വരുത്തണമെന്ന് തോന്നുന്നില്ല.

ശ്രീ. പി. ടി. തോമസ്: കുടുംബശ്രീ പദ്ധതി വഴി കോടിക്കണക്കിന് രൂപയുടെ സമ്പാദ്യമുണ്ട്. അതോടൊപ്പംതന്നെ അതുവഴി വായ്പകളും കൊടുക്കുന്നുണ്ട്. ഈ പദ്ധതി വഴി പാവപ്പെട്ടവരിൽ നിന്ന് കളക്ട് ചെയ്യുന്ന പണം ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തു. കുറേ നാളുകൾകൊണ്ട് കേരളത്തിലെ സി.ഡി റേഷ്യോ വളർന്നിട്ടുണ്ട്. ബാങ്കുകളിൽ പണം കെട്ടിക്കിടക്കുന്ന ഒരു പദ്ധതിയായി ബാങ്ക് ലിങ്കേജ് പദ്ധതിയും മാറാതിരിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കുമോ? അത്തരത്തിൽ ചുരുക്കം ചില കുടുംബശ്രീ യൂണിറ്റിന്റെയെങ്കിലും ഫണ്ട് നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള സമീപനമെന്താണ്?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുക അവിടെത്തന്നെ കിടക്കുകയല്ല, അത് കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവയ്ക്ക് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, സ്വാശ്രയ സ്വയംപര്യാപ്ത സുസ്ഥിര ഗ്രാമം എന്നത് ചില പഞ്ചായത്തുകൾ കുടുംബശ്രീയിലൂടെ നടപ്പാക്കുന്നുവെന്ന് അങ്ങിവിടെ പറയുകയുണ്ടായി. ഈ പദ്ധതിയിലൂടെ മാത്രം ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിലേയ്ക്ക് നീങ്ങുമ്പോൾ മറ്റ് പല വികസന മേഖലകളും വികസിക്കാതെ വരുന്ന ഒരു അവസ്ഥ കേരളത്തിലെ പഞ്ചായത്തുകളിൽ ഉണ്ടാകുന്നു. ദാരിദ്ര്യനിർമ്മാർജ്ജനത്തോടൊപ്പം വികസനവും ഒരു പ്രധാന ഘടകമായി എടുക്കണം. ഇപ്പോൾ പഞ്ചായത്തുകൾ 3 തരത്തിലാണ് ഫണ്ട് പിരിക്കുന്നത്. പശ്ചാത്തല മേഖലയ്ക്കു പണം നീക്കിവയ്ക്കുന്നു, കാർഷിക മേഖലയ്ക്കു പണം നീക്കി വയ്ക്കുന്നു. പക്ഷേ ഇപ്പോൾ പഞ്ചായത്തുകളിലും മറ്റു ചില മേഖലകളിലും ആവശ്യമായ പണം ചെലവഴിക്കാനുള്ള അവസ്ഥയില്ല. സമഗ്ര വികസനം എന്നുപറയുന്നത് എല്ലാ മേഖലകളുടേയും വികസനമാണ്. അതുകൊണ്ട് ഓരോ പഞ്ചായത്തിന്റേയും സ്വഭാവമനുസരിച്ച് ഈ ഘടനയിൽ മാറ്റം വരുത്തുന്നതിന് ഒരു സർവ്വേ നടത്താൻ പഞ്ചായത്തുകൾ മുമ്പോട്ടു വരുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഇത് പ്ലാനിംഗുമായി ബന്ധപ്പെട്ട ചോദ്യമാണ്. ഇവിടെ ദാരിദ്ര്യനിർമാർജ്ജനമെന്നത് വികസനത്തിന്റെ ആത്യന്തിക ലക്ഷ്യമായി തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. വികസനത്തിൽ ഫോക്കസ് ചെയ്യേണ്ടത് പാവപ്പെട്ടവരെ ഉദ്ധരിക്കുക എന്നതിനാണ്. അതാണ് ചെയ്തു കൊണ്ടിരിക്കുന്നത്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, ദാരിദ്ര്യനിർമ്മാർജ്ജനത്തെ ലക്ഷ്യം വച്ചുകൊണ്ടാണ് കുടുംബശ്രീയെ ശക്തിപ്പെടുത്താൻ നമ്മൾ ലക്ഷ്യമിട്ടത്. പല പഞ്ചാ യത്തുകളിലും കുടുംബശ്രീ ഇപ്പോൾ ഒരുപാട് ചെറിയ ചെറിയ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്, ആ യൂണിറ്റുകൾ വ്യത്യസ്തമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നു. പക്ഷേ ഇത് മാർക്കറ്റ് ചെയ്യാനുള്ള ബുദ്ധിമുട്ട് അവർ അനുഭവിച്ചുകൊണ്ടിരി ക്കുകയാണ്. ഇതിനെ സെൻട്രലൈസ് ചെയ്തിട്ട് ഒരു ബ്രാന്റ് നെയിം-ൽ അവരുടെ ഉല്പന്നങ്ങൾ ഉണ്ടാക്കി അത് കളക്ട് ചെയ്ത് മാർക്കറ്റ് ചെയ്യാനുള്ള ഒരു സംസ്ഥാനതല സംവിധാനം ഉണ്ടാക്കണം. അതോടൊപ്പംതന്നെ കുടുംബശ്രീ യൂണിറ്റുകളെ സംസ്ഥാനതലത്തിൽ ഏകീകരിക്കുന്നതിനാവശ്യമായ ഒരു സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് ആലോചിക്കുകമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച നിർദ്ദേശം വളരെ പ്രധാനപ്പെട്ട ഒന്നാണ്. കുടുംബശ്രീ തന്നെ ഈ കാര്യം ഗൗരവമായി എടുത്ത് കുടുംബശ്രീ ഉല്പന്നങ്ങൾക്ക് ഒരു ബ്രാന്റ് നെയിം കൊടുത്തുകൊണ്ട് വിപണി കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുക യാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, സംസ്ഥാന ബ്ലോക്ക് പഞ്ചായത്തുവഴി ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അതിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ചോദ്യങ്ങൾക്ക് ആദ്യം ഉത്തരം പറഞ്ഞ സന്ദർഭത്തിൽ ദരിദ്രജനവിഭാഗങ്ങളെ സഹായിക്കാൻ ഇത്രയധികം പദ്ധതികൾ നമ്മുടെ നാട്ടിലുണ്ടോയെന്ന് തോന്നിപ്പോയി. ഇങ്ങനെ വളരെയധികം പദ്ധതികൾ ഉണ്ടായിട്ടും ഈ കഴിഞ്ഞ ദിവസം കണ്ണൂർ ജില്ലയിലെ കേളകം പഞ്ചായത്തിലെ പൂക്കൊണ്ടു കോളനിയിലും നരിക്കടവ് കോളനിയിലുമായി മൂന്ന് ആദിവാസി കുട്ടികൾ പട്ടിണികിടന്നു മരിച്ചു. ഇങ്ങനെയുള്ള കോളനികളിൽ ദാരിദ്ര്യം അനുഭവിക്കുന്ന ആദിവാസി ജനവിഭാഗങ്ങളെ സഹായിക്കാൻ ഈ സ്കീമിൽ എന്തെങ്കിലും പദ്ധതിയുണ്ടോ? ഇത്തരം പ്രഖ്യാപനങ്ങൾ നടക്കുന്നതല്ലാതെ നാട്ടിൽ മറ്റ് കാര്യങ്ങളൊന്നും നടക്കുന്നില്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. ബഹുമാനപ്പെട്ട മെമ്പർ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടിരുന്നെങ്കിൽ ഈ പദ്ധതിയുടെ പ്രാധാന്യവും ഈ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നതു മൂലമുള്ള ഗുണഗണങ്ങളും മനസ്സിലാക്കാമായിരുന്നു. അദ്ദേഹം പഞ്ചായത്തുകളുമായി വേണ്ടത്ര ബന്ധപ്പെടുന്നില്ല എന്നുള്ളതാണ് എനിക്ക് ഈ ചോദ്യത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകമായ ശ്രദ്ധ ചെലുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഭാരത് നിർമ്മാൺ പദ്ധതി പ്രകാരമുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടല്ലോ. ഇത് നടപ്പാക്കിയ അവസരത്തിൽ എത്ര നിക്ഷേപമാണ് കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടുള്ളത്? കുടുംബശ്രീ വഴി ബാങ്കുകൾക്ക് കൊടുക്കുന്ന ഏകദേശം 526 കോടിയോളം രൂപ നാഷണൽ സേവിംഗ്സ് മുതലായവയിൽ ഡെപ്പോസിറ്റു ചെയ്യുന്നത് സംസ്ഥാനത്തെ വികസനത്തിന് ഉപകരിക്കാൻ കഴിയും. ഈ പണം അങ്ങനെ വിനിയോഗിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും ആലോചന സർക്കാർ നടത്തുന്നുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇതുവരെ സംസ്ഥാനത്ത് അത് നടപ്പാക്കിയിട്ടില്ല എന്നാണ് ഞാൻ കരുതുന്നത്. റൂറൽ ഡെവലപ്മെന്റും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പാക്കേണ്ട ഒരു പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, നമ്മുടെ സാമൂഹ്യ ജീവിതത്തിൽ വലിയൊരു മാറ്റംതന്നെ കുടുംബശ്രീ മുഖേനയുണ്ടായിട്ടുണ്ട്. അതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഈ സന്ദർഭത്തിൽ വിപ്ലവകരമായ മാറ്റം നമ്മുടെ നാട്ടിൽ നടപ്പാക്കുമ്പോൾ ഗ്രാമീണ പ്രദേശങ്ങളിലെപ്പോലുള്ള മുനിസിപ്പാലിറ്റികളിൽ കുടുംബശ്രീ പദ്ധതികളൊന്നുംതന്നെ നടക്കുന്നില്ല. ഇത് അർബൻ ഏരിയകളിൽക്കൂടി കൊണ്ടുവരാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? അതുപോലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കുടുംബശ്രീ മുഖേന ഒരു ഇൻഷുറൻസ് സ്കീം നിർബന്ധിതമായി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഗ്രാമപ്രദേശങ്ങളിലും കുടുംബശ്രീയുടെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. ഇനി ഏതെങ്കിലും സ്ഥലങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെങ്കിൽ അതിന് ഗവൺമെന്റ് തയ്യാറാണ്. ഒന്നും നിർബന്ധപൂർവ്വം ഗവൺമെന്റ് നടപ്പാക്കുന്നില്ല, അടിച്ചേല്പിക്കലൊന്നുമില്ല. വളരെ സഹവർത്തിത്വത്തോടുകൂടി സൗഹൃദ മനോഭാവത്തോടുകൂടിയാണ് എല്ലാ പരിപാടികളും ഗവൺമെന്റ് നടപ്പാക്കുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കേന്ദ്രഗവൺമെന്റ് ഗ്രാമ വികസനം ലക്ഷ്യം വച്ചുകൊണ്ട് തൊഴിൽ ഭദ്രതാ പരിപാടിപോലെയുള്ള ധാരാളം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇവിടെയുള്ള നിർവ്വഹണ വകുപ്പ് ഗ്രാമ വികസന വകുപ്പാണ്. എന്നാൽ യഥാർത്ഥത്തിൽ ഇതെല്ലാം കൈകാര്യം ചെയ്യേണ്ടത് പഞ്ചായത്തുകളാണ്. സംസ്ഥാനത്ത് കുടുംബശ്രീയും അതുപോലെ ഗ്രാമ വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് ഗ്രാമവികസന വകുപ്പും അതുപോലെതന്നെ തദ്ദേശസ്വയംഭരണ വകുപ്പും ഇതുസംബന്ധിച്ച് എന്തെങ്കിലും കോ-ഓർഡിനേഷനു വേണ്ടിയുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് വിശദീകരിക്കാമോ; ഇല്ലെങ്കിൽ ഇത് നടപ്പാക്കുന്നതിന് ഇത്തരത്തിൽ കോ-ഓർഡിനേഷൻ പ്രവർത്തനം നടത്താൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: വളരെ കോ-ഓർഡിനേറ്റു ചെയ്ത് തദ്ദേശസ്വയംഭരണ വകുപ്പും ഗ്രാമവികസന വകുപ്പും യോജിച്ചാണ് പരിപാടികൾ നടപ്പാക്കുന്നത്. ഇത് കോ-ഓർഡിനേറ്റു ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ഒരു കോ-ഓർഡിനേറ്റിംഗ് കമ്മിറ്റിയുണ്ട്. അത് ഇടയ്ക്കിടയ്ക്ക് കാര്യങ്ങൾ വിലയിരുത്താറുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, പലപ്പോഴും വാർദ്ധക്യം ഒരു ശാപമാണെന്നൊക്കെ വിശദീകരണം വരാറുള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആ സ്ഥിതിക്ക് സ്വാശ്രയ ഗ്രാമവികസന പദ്ധതിയുമായി കൂട്ടിയിണക്കുന്ന കുടുംബശ്രീയിലൂടെ വൃദ്ധരും നിരാശ്രയരുമായ ആളുകൾക്ക് മൂന്നുനേരം ഭക്ഷണം അങ്ങോട്ടുകൊണ്ടുകൊടുക്കുന്നതിനുള്ള സംവിധാനം

ആതിരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ആ സംവിധാനം ഈ പദ്ധതി നടപ്പിലാക്കുന്ന മുഴുവൻ പഞ്ചായത്തുകളിലും നിർബന്ധമായും കൈക്കൊള്ളണമെന്നതാണ് എന്റെ ഒരു നിർദ്ദേശം. അത് അവർക്ക് കൈമാറാൻ സാധിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഭക്ഷണം കഴിക്കാൻ വക കണ്ടെത്താതെ വിഷമിക്കുന്ന ആളുകൾക്ക് ഭക്ഷണവുമായി എത്തുന്ന ഒരു പദ്ധതിയാണ് ആശ്രയ പദ്ധതി. കൊടിയ ദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി അവർക്ക് ഭക്ഷണം നൽകുകയും ചെയ്യുക, ആരോഗ്യകരമായ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുകയും ചികിത്സാ സഹായം നൽകുക, വീടില്ലാത്തവർക്ക് വീടു നൽകുക എന്നീ ലക്ഷ്യമാണ് ആശ്രയ പദ്ധതിക്കുള്ളത്. അത് 400-ൽ അധികം തദ്ദേശഭരണസ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചുകഴിഞ്ഞു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുന്നോട്ടു വരുമ്പോൾ എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പാക്കാൻ കഴിയും.

ശ്രീ. എം. വി. ജയരാജൻ: സർ, അങ്ങ് ഗ്രാമ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും തമ്മിലുള്ള കോ-ഓർഡിനേഷനെക്കുറിച്ചാണ് പറഞ്ഞത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതുരണ്ടും ഒരു മന്ത്രിയുടെ പോർട്ട്ഫോളിയോയുടെ കീഴിലായിരുന്നു. ഒരു സർവ്വേയുടെ കാര്യം പറഞ്ഞു. അത് സമഗ്ര സാമൂഹ്യ സാമ്പത്തിക വിഭവ സർവ്വേയാണ്. ഇന്ന് കുടുംബശ്രീ യൂണിറ്റുകൾ മുഖേന ധാരാളം സ്ത്രീകൾ വരുമാനമുണ്ടാക്കാൻ കഴിയുംവിധത്തിലുള്ള വിവിധങ്ങളായ തൊഴിലുകളിൽ ഏർപ്പെട്ടുകൊണ്ടിരുക്കുകയാണ്. ഈ സർവ്വേയിൽ സ്ത്രീകളുടെ വരുമാനം വർദ്ധിച്ചിട്ടുള്ളതായി എന്തെങ്കിലും കണക്ക് സർക്കാരിന്റെ കൈയിലുണ്ടോ? അത് യഥാർത്ഥത്തിൽ ശരിയാംവിധത്തിൽ കുടുംബശ്രീയൂണിറ്റിന്റെ തന്നെ വികസനത്തിനുവേണ്ടി വിനിയോഗിക്കാൻ കഴിയത്തക്ക നിലയിലുള്ള നടപടിയാകുന്നുണ്ടോ? ചില കുടുംബശ്രീ യൂണിറ്റുകൾ ഗ്രാമങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. അത് കാര്യക്ഷമമാക്കാൻ വേണ്ടി നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: കുടുംബശ്രീ പ്രവർത്തനം ആരംഭിച്ചതിനു ശേഷം പല കുടുംബങ്ങളുടേയും വരുമാനം വർദ്ധിച്ചതായി സർക്കാരിന്റെ കൈയിൽ കണക്കുണ്ട്. എവിടെയെങ്കിലും ഡിഫങ്ട് ആയിട്ടുണ്ടെങ്കിൽ ആ കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ അത് പ്രവർത്തനയോഗ്യമാക്കാവുന്ന നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ശ്രീ. ഇ. എം. അഗസ്തി: സർ, കേരളത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനവിഭാഗങ്ങൾക്ക് ഒരു പുതിയ കൂട്ടായ്മയും അവബോധം ഉണ്ടാക്കുന്നതിനും അവരുടെ സാമ്പത്തിക ക്രമത്തിൽ നേട്ടമുണ്ടാക്കുന്നതിനും കുടുംബശ്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ സ്ത്രീശാക്തീകരണ മേഖലയിലും കേരളത്തിലെ കുടുംബശ്രീ ഒരു മാതൃകയാണ്. എന്നാൽ കുടുംബശ്രീയുടെ പ്രവർത്തനം മൈക്രോ ഫിനാൻസിംഗ് മാത്രമായി കേന്ദ്രീകരിച്ചിരിക്കുന്നുവെന്ന് ഒരു പരാതി വ്യാപക

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടുണ്ട്. എന്നാൽ വളരെ ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. സേവനങ്ങളെ അംഗീകരിച്ചു കൊണ്ടുതന്നെയാണ് ചോദിക്കുന്നത്. മൈക്രോ ഫിനാൻസിംഗിലൂടെ മാത്രം കേരളത്തിലെ ദാരിദ്ര്യം തുടച്ചുനീക്കാൻ കഴിയുകയില്ല എന്ന യാഥാർത്ഥ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കൂടുതൽ ക്രിയേറ്റിവായിട്ടുള്ള ഏതെങ്കിലും മേഖലകൾ കണ്ടുപിടിക്കുകയും ആ രംഗത്തേയ്ക്ക് അവരുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്യുന്നതു സംബന്ധിച്ച് പ്ലാനിംഗ് കമ്മിഷനുമായി ആലോചിച്ചിട്ടുണ്ടോ? അതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: മൈക്രോ ഫിനാൻസിംഗിൽ മാത്രമല്ല കുടുംബശ്രീ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. എല്ലാ വകുപ്പുകളുടേയും പ്രവർത്തനങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ഏതെല്ലാം വിധത്തിൽ ദരിദ്രരായ കുടുംബങ്ങളെ ഉയർത്തിയെടുക്കാൻ കഴിയുമോ ആ തരത്തിലുള്ള പ്രവർത്തനങ്ങളൊക്കെ കുടുംബശ്രീയിലൂടെ നടത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സാജു പോൾ: സർ, വികസന പ്രവർത്തനങ്ങളുടെ ശരിയായ ആസൂത്രണത്തിന് വിഭവങ്ങളെ സംബന്ധിച്ച കൃത്യമായ ധാരണവേണം. 1990-ൽ സംസ്ഥാനത്ത് ആദ്യമായി സി.ഡി.എസ്., സെസ്, ശാസ്ത്രസാഹിത്യ പരിഷത്ത്, ഗ്രാമ പഞ്ചായത്തുകൾ മുതലായവ സംയുക്തമായി എറണാകുളം ജില്ലയിലെ പള്ളിപ്പുറം, കീഴ്മാട്, വേങ്ങൂർ, ഉൾപ്പെടെയുള്ള പഞ്ചായത്തുകളുടെ വിഭവഭൂപടം തയ്യാറാക്കിയിരുന്നു. സയന്റിഫിക് മാപ്പിംഗ് അടക്കം അന്നത്തെ ഓരോ സർവ്വേ നമ്പരിലും വിഭവങ്ങളും ഭൗതിക സ്വത്തുക്കളും മണ്ണിന്റെ ഘടനയും ഉൾപ്പെടെ സർവ്വതലസ്പർശിയായ വിവരങ്ങൾ അതുവഴി ശേഖരിച്ചിരുന്നു. അതുപോലെ കുടുംബശ്രീയെ ഉപയോഗിച്ച് മുഴുവൻ പഞ്ചായത്തുകളുടേയും വിഭവഭൂപടം തയ്യാറാക്കി സാമൂഹ്യ സാമ്പത്തിക സർവ്വേ തയ്യാറാക്കി ഗ്രാമതലവികസനം ശാസ്ത്രീയമായി ആസൂത്രണം ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: എല്ലാ പഞ്ചായത്തുകളിലേയ്ക്കും വിദ്യാഭ്യാസ സർവ്വേ നടത്താനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. പക്ഷേ എല്ലാ പഞ്ചായത്തുകളിലേയ്ക്കും വളരെ പെട്ടെന്നു നടത്താൻ കഴിയുന്ന വിധത്തിലുള്ള സംവിധാനം നമുക്കില്ല. ബഹുമാനപ്പെട്ട മെമ്പർ പറയുന്ന നിർദ്ദേശമനുസരിച്ച് ഇപ്പോൾത്തന്നെ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇനിയും അത് വ്യാപകമാക്കാനുള്ള ശ്രമങ്ങൾ നടത്താം.

ശ്രീ. സി. പി. മുഹമ്മദ്: സർ, സ്വാശ്രയ-സ്വയം പര്യാപ്ത സുസ്ഥിര ഗ്രാമപദ്ധതിയുടെ ലക്ഷ്യങ്ങളെ സംബന്ധിച്ച്, മന്ത്രി ഇവിടെ വിശദീകരിക്കുകയും ബാങ്ക് വായ്പ 50 ശതമാനം വർദ്ധിപ്പിക്കുമെന്നും പറയുകയുണ്ടായി. തമിഴ്നാട്ടിൽ നിന്നുള്ള ബ്ലേഡു കമ്പനികളിൽ നിന്നും, ബാങ്കിൽ നിന്നും വായ്പ എടുത്ത് കടക്കെണിയിൽപ്പെട്ട് ഉഴലുന്ന സാധാരണക്കാരായ ഗ്രാമീണരെ രക്ഷിക്കാനുള്ള എന്തെങ്കിലും പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

ഇതിലുണ്ടോ എന്നു വ്യക്തമാക്കുമോ? ഈ പദ്ധതി നടപ്പാക്കുന്ന ഗ്രാമങ്ങളേയും, വ്യവഹാരരഹിത ഗ്രാമങ്ങളേയും മാലിന്യ വിമുക്ത ഗ്രാമമാക്കി മാറ്റുന്നതിനുവേണ്ടി യുള്ള നടപടികൾ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ?

(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, കുടുംബശ്രീയുടെ ഉദ്ദേശം തന്നെ ആളുകൾ ബ്ലേഡ് കമ്പനികളിലേയ്ക്ക് പോകരുതെന്നുള്ളതാണ്. അവർക്കാവശ്യമായ സഹായങ്ങൾ നൽകുക, അവർക്ക് ജീവിതമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക തുടങ്ങിയവയും ചെയ്യുന്നുണ്ട്. അതോടൊപ്പം കുടുംബശ്രീവഴി ലീഗൽ സർവ്വീസ് അതോറിറ്റിയുമായി ബന്ധപ്പെട്ട് എങ്ങനെ വ്യവഹാരരഹിത ഗ്രാമങ്ങൾ ഉണ്ടാക്കാമെന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചി ക്കുന്നുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ: സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞമാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നിരവധി മാതൃകാ പദ്ധതികൾ നടപ്പിലാക്കിയതുപോലെ തന്നെയാണ് കുടുംബശ്രീ മിഷനും നമ്മുടെ നാട്ടിൽ നടപ്പിലാക്കാൻ തീരുമാനിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇന്ന് വിപുലമായ അധികാരങ്ങൾ കയ്യാളുന്നുണ്ട്. കുടുംബശ്രീ മിഷനിലെ ചില ഉദ്യോഗസ്ഥർ കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന രൂപത്തിലുള്ള ചില പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളുടെ തലയ്ക്കു മുകളിൽ കയറിയിരിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് അവർ നടത്തുന്നത്. അതു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതു പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇവിടെ ആരും ആരുടേയും തലയക്കു മുകളിൽ കയറിയിരിക്കുന്നില്ല. എല്ലാവരും കൂടി യോജിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ വ്യാപൃതമാകുക എന്നുള്ളതാണ് കുടുംബശ്രീയുടെയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും ലക്ഷ്യം.

ശ്രീ. കെ. ബാബു: ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര പഞ്ചായത്തുകളിൽ ഈ പദ്ധതി ഉണ്ടായിരുന്നുവെന്നും അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? മൈക്രോ ഫൈനാൻസിന്റെ കാര്യം പറഞ്ഞു. ഇപ്പോൾ എല്ലാ സാംസ്ക്കാരിക സംഘടനകളും സാമൂഹ്യ സംഘടനകളും ലഘുനിക്ഷേപ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ എന്തെങ്കിലും കൺട്രോൾ ഉണ്ടോയെന്നു വ്യക്തമാക്കണം. എത്ര പഞ്ചായത്തിൽ ഈ പദ്ധതി ഉണ്ടായിരുന്നു; എന്നാണ് ഇതു തുടങ്ങിയത്; ഇപ്പോൾ സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: കുടുംബശ്രീയുടെ പ്രവർത്തനങ്ങളുടെ തുടക്കം 1994-ൽ ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതു കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സ്കീം എന്ന പേരിൽ ആലപ്പുഴയിൽ ചില ഭാഗങ്ങളിൽ തുടങ്ങി. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ തുടങ്ങിയ അനുഭവം ഉൾക്കൊണ്ടുതന്നെയാണ് മലപ്പുറത്തും ഇതു വ്യാപിപ്പിച്ചത്. പിന്നീടാണ് കുടുംബശ്രീ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചത്.

ഡോ. തോമസ് ഐസക്: ചോദ്യം ബി,സി,ഡി, ഇതെല്ലാം വിഭവഭൂപട നിർമ്മാണ പദ്ധതിയെക്കുറിച്ചാണ്. കേരളത്തിൽ പല പഞ്ചായത്തുകളിലും വിഭവഭൂപടനിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഈ സ്കീമിനെക്കുറിച്ച് വലിയ ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്. ഇതു വളരെ ദേശദ്രോഹപരമായ പരിപാടിയാണെന്നും വിവരങ്ങൾ വിദേശ രാജ്യങ്ങൾക്ക് നൽകാനാണെന്നും പറഞ്ഞു വാർത്തകൾ വന്നിട്ടുണ്ട്. അങ്ങയുടെ തിരൂരങ്ങാടി ബ്ളോക്കിൽ ഇതു നടപ്പാക്കിയിട്ടുള്ളതുമാണ്. ഈ ആക്ഷേപങ്ങളെക്കുറിച്ച് സർക്കാർ എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: വിഭവ ഭൂപട സർവ്വെ നടത്തുന്നതിനെ സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും നിലവിലില്ല. ലാന്റ് യൂസ് ബോർഡ് മുഖേന കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണിത്. മറ്റു വിവാദങ്ങളിലേയ്ക്കു കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. സി. മമ്മൂട്ടി: സ്വയം പര്യാപ്ത സ്വാശ്രയ ഗ്രാമങ്ങൾ എന്നത് ഗ്രാമങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ വളർച്ച, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ തത്വങ്ങൾ അടിസ്ഥാനമാക്കി നടത്തുന്ന പദ്ധതിയാണ്. മൈക്രോ സംരംഭങ്ങൾ നടത്തുന്നത് അൺസ്കിൽഡ് ആളുകളായതുകൊണ്ട് അവർക്ക് പ്രത്യേകമായ പരിശീലനം ആവശ്യമുണ്ട്. കുടുംബശ്രീ യൂണിറ്റുകളിൽ ഒരുപാട് സ്കിൽഡായിട്ടുള്ള വിഭവങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. അവർക്കാവശ്യമായ ട്രെയിനിംഗ് കിട്ടാത്തതുകൊണ്ട് അത് നടക്കാതെ പോകുകയാണ്. അവർക്കാവശ്യമായ ട്രെയിനിംഗ് കൊടുക്കണം. അങ്ങനെ ട്രെയിനിംഗിന്റെ അടിസ്ഥാനത്തിൽ quality maintain ചെയ്തുകൊണ്ട് ഉണ്ടാക്കുന്ന സാധനങ്ങൾ പ്രത്യേക brand name-ൽ അതു മാർക്കറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഈ കാര്യം ഗൗരവമായി കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിളിച്ചുചേർത്ത്, സ്കിൽഡ് ഡെവലപ്മെന്റ് ലക്ഷ്യമാക്കിക്കൊണ്ട്, സാങ്കേതിക സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി, കുടുംബശ്രീ പ്രവർത്തകർക്ക് വേണ്ടത്ര രീതിയിൽ വൈദഗ്ദ്ധ്യം നൽകുവാനുള്ള പരിപാടികൾ നടത്താൻ ഗവൺമെന്റ് നീക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ഈ പുതിയ പദ്ധതിയുടെ വിജയത്തിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കേന്ദ്ര സഹായത്തിനുവേണ്ടി അഭ്യർത്ഥിച്ചിട്ടുള്ള ചരിത്രവും നമുക്കുണ്ട്. ദുരിതാശ്വാസ ഫണ്ടായി 3847 കോടി രൂപ ചോദിച്ചിട്ട് കിട്ടിയതു 136 കോടി രൂപയാണ്. അതുപോലെ ഈ പദ്ധതിയും കേന്ദ്ര സഹായം കിട്ടിയിട്ട് വിജയിപ്പിക്കാമെന്നാണ് കരുതുന്നതെങ്കിൽ, അതും തകരാൻ പോകുന്നു എന്നു കണക്കാക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇതു നടന്നു കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. വളരെ ശക്തമായി എല്ലാ പഞ്ചായത്തുകളിലും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കണം. എല്ലാ പഞ്ചായത്തുകളും ഇതു നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയാണ്. കേന്ദ്രസഹായം ലഭിച്ചില്ലെങ്കിലും, ഈ പദ്ധതി തകരാൻ പോകുന്നില്ല. ഇതു കൂടുതൽ നന്നായി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം വേണമെന്ന് ഞങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. കെ.എൻ.എ. ഖാദർ; ദാരിദ്ര്യ നിർമ്മാർജ്ജനം സാധിക്കണമെങ്കിൽ സുസ്ഥിരമായ തൊഴിൽ ഉണ്ടാകണം. നമ്മുടെ ഗ്രാമങ്ങളിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും കൃഷിപ്പണികളും എല്ലാം ചെയ്യുന്നത് അന്യ സംസ്ഥാനക്കാരാണ്. കായികാദ്ധ്വാനത്തോടു നമ്മുടെ ഗ്രാമത്തിലെ ആളുകൾക്ക് വലിയ വിമുഖതയാണ്. ആ വിമുഖത അകറ്റാനുള്ള നടപടികൾ സ്വീകരിച്ച്, നമ്മുടെ ഗ്രാമങ്ങളിൽ ഉണ്ടാകുന്ന തൊഴിൽ മുഴുവൻ അവർക്കു ലഭ്യമാക്കുവാൻവേണ്ടി എന്തെങ്കിലും പരിപാടി ആവിഷ്ക്കരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: തൊഴിലിന്റെ മഹത്വം ഉയർത്തിപ്പിടിച്ചു കൊണ്ട്, വിവിധ മേഖലകളിലെ ദരിദ്ര കുടുംബങ്ങളിലെ ചെറുപ്പക്കാരെ ആകർഷിക്കാനുള്ള ഒരുപാടു പദ്ധതികൾ കുടുംബശ്രീയിലുണ്ട് ഞങ്ങൾ ഡെവലപ് ചെയ്ത തെങ്ങു കയറ്റത്തിനുള്ള യന്ത്രം അഖിലേന്ത്യാ തലത്തിൽപ്പോലും പ്രശംസ നേടിയിട്ടുണ്ട്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഇപ്പോൾ കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ ഏറ്റവും പ്രധാനപ്പെട്ട ദൗർബല്യമെന്നു പറയുന്നത്, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആളുകളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരുന്ന കാര്യത്തിൽ വേണ്ടത്ര താൽപര്യം കാണക്കുന്നില്ല എന്നുള്ളതാണ്. ഉല്പാദനപരമായിട്ടുള്ള ഒരു സംവിധാനം ഏർപ്പെടുത്തി, കൃത്യമായി അവരെ ട്രെയ്സ് ചെയ്ത്, ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടു വരണം. ദാരിദ്ര്യ രേഖയ്ക്ക് താഴെയാണെന്ന് ഒരു തവണ കണ്ടെത്തിക്കഴിഞ്ഞാൽ, ഏതെങ്കിലുമൊരു ആനുകൂല്യം നൽകിയിട്ട് ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരുന്നതിനാവശ്യമായ മറ്റു പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നു

എന്നുള്ളതാണ് ഇപ്പോഴുള്ള പ്രവണത. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ സ്വാശ്രയ ഗ്രാമ വികസന പദ്ധതിയിൽ നിശ്ചയിക്കപ്പെട്ട കുടുംബങ്ങളെ സ്ഥായിയായ ഉല്പാദന മേഖലയിലേയ്ക്ക് നിലനിർത്താനും, ഇവർ ദാരിദ്ര്യ രേഖയ്ക്കു മുകളിൽ വരുന്നതുവരെ സ്ഥിരമായി, തുടർച്ചയായി ഈ പ്രവർത്തനങ്ങളിൽ അവരെ വ്യാപൃതരാക്കുന്നതിനുമുള്ള എന്തെങ്കിലും ഒരു നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ? അതിനുവേണ്ടി എന്തെങ്കിലും ഒരു മുന്നൊരുക്കം ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞങ്ങൾ സ്ഥിരമായി മോണിറ്റർ ചെയ്തുകൊണ്ടിരിക്കുകയാണ്. ദാരിദ്ര്യരേഖയ്ക്കു മുകളിൽ വരുന്നതുവരെ ദാരിദ്ര്യ രേഖയ്ക്ക് താഴെ നിൽക്കുന്നവരെ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു സംവിധാനമാണ് കുടുംബശ്രീ.

ശ്രീ. വി. ഡി. സതീശൻ: സ്വാശ്രയ ഗ്രാമവികസന പരിപാടിയുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം അവിടെ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണി കണ്ടെത്തുക എന്നതാണ്. ഇതുമായി ബന്ധപ്പെട്ട് എല്ലാ ഗ്രാമങ്ങളിലും വിപണന കേന്ദ്രങ്ങൾ തുടങ്ങാനുള്ള നിർദ്ദേശങ്ങളും അതിനാവശ്യമായ സാമ്പത്തിക സഹായങ്ങളും മറ്റു മാർഗ്ഗ നിർദ്ദേശങ്ങളും കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഗ്രാമങ്ങളിൽ മാത്രമല്ല നഗരങ്ങളിലും വിപണന കേന്ദ്രങ്ങൾ തുടങ്ങണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ഇവിടെ സ്വാശ്രയഗ്രാമ വികസനപദ്ധതി നന്നായി നടത്താൻ വേണ്ടി സെൻട്രൽ ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് സഹായം ആവശ്യപ്പെട്ടിരിക്കുകയാണെന്ന് പറയുകയുണ്ടായി. ആകെ 25 ഗ്രാമ പഞ്ചായത്തുകൾ ഉള്ളതിൽ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുറിച്യർ വിഭാഗങ്ങൾ ഉൾപ്പെടെ, കുറച്ചു കൂടി മെച്ചപ്പെട്ടതാണെങ്കിലും, പണിയർ കുടുംബങ്ങൾ താമസിക്കുന്ന ഏറ്റവും താഴെ തലത്തിലുള്ള 5 പഞ്ചായത്തുകൾ കണ്ണൂർ ജില്ലയിലുണ്ട്. ഈ പരിഗണനയുടെ അടിസ്ഥാനത്തിലല്ല ഇപ്പോൾ പഞ്ചായത്തുകളെ സെലക്ടു ചെയ്യുന്നത്. ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുകയും, പട്ടിണികൊണ്ടു മരിക്കുകയും ചെയ്യുന്ന, കാർഷിക സംസ്ക്കൃതിയിലേയ്ക്കുപോലും കൃത്യമായി തിരിച്ചു വരാൻ കഴിയാത്ത, പാവപ്പെട്ട ജനങ്ങളുള്ള, ആ മേഖലയുൾക്കൊള്ളുന്ന പ്രദേശങ്ങളെ ഇതുപോലെയുള്ള സ്കീമുകളിൽ ഉൾപ്പെടുത്തി, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള ബോധപൂർവ്വമായിട്ടുള്ള ഒരു പ്രവർത്തനത്തിന് മുൻകൈ എടുക്കുന്നതിനുവേണ്ടി ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഈ പദ്ധതിയിൽ ഗവൺമെന്റ് സെലക്ട് ചെയ്യുന്ന ഒരു സംവിധാനമല്ല ഉള്ളത്. ഏതെല്ലാം പഞ്ചായത്തുകൾ മുന്നോട്ടു വരുന്നോ അവരെയെല്ലാം ഈ പദ്ധതിയിലുൾപ്പെടുത്തി പദ്ധതി ആ പ്രദേശങ്ങളിൽ തുടങ്ങുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അത് എല്ലാ എം.എൽ.എ-മാരും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തുകൾ മുന്നോട്ടു വരണം. വരുന്ന പഞ്ചായത്തുകളെയെല്ലാം ഇതിൽ ഉൾപ്പെടുത്തുകയാണ്. ഭാരത നിർമ്മാണ പദ്ധതിയെക്കുറിച്ച് ഇവിടെ ചോദ്യം ചോദിച്ചു. P.M.G.S.Y(Prime Minister's Grama Sadak Yojana)-ഉം I.A.Y – Indira Aawas Yojana-ഉം റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് മുഖേന നടപ്പാക്കുന്നുണ്ട്. കുടിവെള്ള പദ്ധതി ജല വിഭവ വകുപ്പുവഴി നടപ്പാക്കുന്നുണ്ട്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, സ്ത്രീശാക്തീകരണ രംഗത്ത് സ്ത്രീശക്തിക്കും കുടുംബശ്രീക്കും മാതൃകയായത് ബംഗ്ലാദേശിൽ 25 വർഷത്തിനുമുൻപുണ്ടായിരുന്ന പദ്ധതിയാണ്. അവിടെ ഒരു ഗ്രാമം സമ്പൂർണ്ണമായി തെരഞ്ഞെടുക്കുന്നത് കാണാനുള്ള അവസരം നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ അംഗമെന്നുള്ള നിലയിൽ 15 വർഷങ്ങൾക്കുമുൻപ് എനിക്ക് കഴിഞ്ഞു. അവിടെ എല്ലാ വീടും വൈദ്യുതീകരിക്കുക, ഓലമേഞ്ഞ ചെറ്റകുത്തിയ വീട് ഉണ്ടാകാതിരിക്കുക, സമ്പൂർണ്ണ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക, ശുദ്ധജല പദ്ധതി എത്തിക്കുക, വ്യവഹാര വിമുക്ത ഗ്രാമമാക്കുക എന്നീ നിലയിൽ ഒരു ജില്ലയിൽ ഒരു ഗ്രാമംവച്ച് കണ്ടെത്താനുള്ള ഒരു പദ്ധതി കുടുംബശ്രീയുടെ കീഴിൽ കണ്ടെത്താൻ കഴിയുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, S3 പഞ്ചായത്തുകളുടെ ലക്ഷ്യം, ഞാൻ നേരത്തെ വിവരിച്ച സമഗ്രമായ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിശ്ചിത ഭൂ പ്രദേശത്തെ കേന്ദ്രീകരിച്ച് നടപ്പാക്കുകയും അതുവഴി ആ പ്രദേശത്തെ ജനങ്ങളുടെ ദാരിദ്ര്യം ലഘൂകരിക്കുകയും ചെയ്യുക എന്നുള്ളതാണ്. ഒരു ജില്ലയിൽ അഞ്ച് പഞ്ചായത്തുകൾ വീതം ഇപ്പോൾ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവന്നിരിക്കുകയാണ്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, ചില ഗ്രാമവികസന പദ്ധതികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടങ്കിലും കൃത്യമായി ഫോളോ അപ് ചെയ്യാത്തതുകൊണ്ട് അവയൊന്നും നമുക്ക് ലഭിക്കാതെ പോകുന്നു. പട്ടണങ്ങളോട് ചേർന്നു കിടക്കുന്ന ഗ്രാമപ്രദേശങ്ങളെ പട്ടണങ്ങളുടെ സാമൂഹിക അടിസ്ഥാന പുരോഗതിയുടെ തലത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള കേന്ദ്ര ഗ്രാമ വികസന പദ്ധതിയുടെ ഭാഗമായ 'പുരാ' പദ്ധതി അനുസരിച്ച് ഒരുപാട് പ്രോജക്ടുകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ എത്ര പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്; ബാക്കി പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കാതിരിക്കുന്നതിനുള്ള കാരണമെന്താണ്? അവയുടെ അംഗീകാരം ലഭ്യമാക്കു ന്നതിന് എന്തെങ്കിലും നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഇതിന്റെ ഉത്തരം പറയേണ്ടതത് ഗ്രമവികസന വകുപ്പുമന്ത്രിയാണ്.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, 'പുരാ' അനുസരിച്ചുള്ള പദ്ധതികൾ നമ്മൾ യഥാസമയംതന്നെ കൊടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അതുസംബന്ധിച്ച് ഫൈനലായിട്ടുള്ള ഒരു തീരുമാനം ഇതുവരെ എടുത്തിട്ടില്ല.

ശ്രീ. കെ. കെ. ഷാജു: സർ, ശാസ്ത്രീയ ഗ്രാമവികസന പദ്ധതിയെന്ന നിലയിൽ ഒരു പദ്ധതി കേരളത്തിലില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു. എന്നാൽ കേരളത്തിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തേണ്ടത് ആവശ്യമായി വന്നരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുപരിപാടികളിൽ ആളെ പങ്കെടുപ്പിക്കുകയെന്ന ഏക ലക്ഷ്യം കൈവരിക്കുന്നതിൽ മാത്രമായി കുടുംബശ്രീയുടെ പ്രവർത്തനം ചുരുങ്ങിയിരിക്കുകയാണ്. ചില പ്രദേശങ്ങളിൽ ഇവരുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ പന്തളം പഞ്ചായത്തിൽ രണ്ട് കോടി രൂപയാണ് കുടുംബശ്രീ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ബാങ്ക് സഹായം കൊടുത്തിട്ടുള്ളത്. എന്നാൽ ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും കുറേ ആളുകൾ ഒരു പ്രത്യേകതരം വസ്ത്രം ധരിച്ച് അതിഥികളെ സ്വീകരിക്കാൻ താലവുമായി എത്തുകയാണ്. അതിൽ മാത്രമായി കുടുംബശ്രീയുടെ പ്രവർത്തനം ഒതുങ്ങുകയാണ്. സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകളുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കാൻ മൊത്തത്തിലുള്ള നിക്ഷേപം പലിശയ്ക്ക് കൊടുക്കുകയെന്നുള്ളതിൽ നിന്ന് മാറി കുടുംബ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയുള്ള സമഗ്രമായ ഒരു ഗ്രാമ വികസന പദ്ധതി കുടുബശ്രീ പദ്ധതിയുടെ കീഴിൽ ആവിഷ്ക്കരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ തെരഞ്ഞെടുത്ത് ആ പദ്ധതികളുമായിട്ടാണ് മുന്നോട്ടു പോകുന്നത്. കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ധാരാളം പദ്ധതികൾ കുടുംബശ്രീവഴി നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കേരളത്തിൽ ആദ്യമായി വിഭവ ഭൂപടം നിർമ്മിച്ച് സോഷ്യോ ഇക്കണോമിക് സർവ്വേ പൂർത്തിയാക്കി എല്ലാ വിവരങ്ങളും ശേഖരിക്കുന്ന ഒരു പഞ്ചായത്താണ് ഉദുമ പഞ്ചായത്ത്. പക്ഷേ വളരെ തയ്യാറെടുപ്പും അദ്ധ്വാനവുമൊക്കെ ആവശ്യമുള്ള ഈ പ്രക്രിയ പൂർത്തീകരിച്ചതിനുശേഷം സമാഹരിക്കപ്പെടുന്ന വിവരങ്ങൾ കൊണ്ട് ഏതെങ്കിലും ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനാവശ്യമായ സംവിധാനമുണ്ടാക്കാൻ കഴിയുന്ന സാഹചര്യം തദ്ദേശ ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ലെന്നുതന്നെ

പറയാം. ഇപ്പോൾ വിഭവ ഭൂപട സർവ്വേയും സോഷ്യോ ഇക്കണോമിക് സർവ്വേയും പൂർത്തീകരിച്ചിട്ടുള്ള പഞ്ചായത്തുകളിൽ കുടുംബശ്രീകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനാവശ്യമായ ക്രിയാത്മകമായ പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: വിഭവ ഭൂപട സർവ്വേയും സോഷ്യോ ഇക്കണോമിക് സർവ്വേയും നടത്തിയ പല പഞ്ചായത്തുകളും ശേഖരിച്ച വിവരങ്ങൾ പ്ളാനിംഗിനുവേണ്ടി ഉപയോഗിക്കുന്നില്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യക്തമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് അതിനുവേണ്ട എല്ലാ സഹായങ്ങളും ചെയ്യും.

ശ്രീ. വി. കെ .സി. മമ്മത് കോയ: സർ, കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾക്ക് സാങ്കേതികമായ എന്തെങ്കിലും യൂണിറ്റുകൾ തുടങ്ങാൻ വേണ്ടി, സാങ്കേതിക വിദ്യ ലഭിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് മന്ത്രി ഇവിടെ പറഞ്ഞു. ഇപ്പോൾ കുടുംബശ്രീ യൂണിറ്റുകൾ എല്ലാംതന്നെ പണം സംഭരിച്ച് വച്ചിരിക്കുകയാണ്. എന്താണ് ചെയ്യേണ്ടതെന്ന് അവർക്കറിയില്ല. ചെയ്യാൻ അവർ തയ്യാറാണ്. അതുകൊണ്ട് കുടുംബശ്രീ മിഷൻ, ഇൻഡ്യയിലോ വിദേശത്തോ ഡിമാന്റുള്ള ഒരു സാധനം നിർമ്മിക്കാനാവശ്യമായ സാങ്കേതിക വിദ്യ കണ്ടുപിടിച്ച്, ആ സാങ്കേതിക വിദ്യ കുടുംബശ്രീ യൂണിറ്റുകളെ പഠിപ്പിച്ച്, അവരെ തൊഴിലെടുക്കുന്ന ആളുകളാക്കി മാറ്റുന്നതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഗവൺമെന്റ് ഇക്കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അതാണ് ഞാൻ നേരത്തെ പറഞ്ഞത് സാങ്കേതിക സ്ഥാപനങ്ങളെ മുഴുവൻ വിളിച്ചു ചേർത്ത് അവരുടെ സേവനം ലഭ്യമാക്കി കുടുംബശ്രീ പ്രവർത്തകരെ മികച്ച വൈദഗ്ദ്ധ്യമുള്ളവരാക്കി യെടുക്കാൻ ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, 1994-ലെ പഞ്ചായത്ത് നിയമം നിലവിൽ വന്നതിനുശേഷം, പഞ്ചായത്ത് പുറംപോക്ക് ഭൂമി പതിച്ചു കൊടുക്കാൻ കഴിയാതെ വളരെ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. അതുസംബന്ധിച്ച് റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഇതുമായി ബന്ധപ്പെട്ട ഒരു ചോദ്യമല്ല. പക്ഷെ ഇതിന് ഒരു നിയമ ഭേദഗതി ആവശ്യമാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാനത്തെ സ്ത്രീശക്തി യൂണിറ്റുകൾ ആരംഭിച്ച് കുടുംബശ്രീ യൂണിറ്റുകളിൽ എത്തിനിൽക്കുന്ന സംവിധാനം വളരെ ഫലപ്രദമായ ഒന്നാണെന്ന് ഇതിനകംതന്നെ തെളിഞ്ഞിട്ടുണ്ട്. ഗവൺമെന്റും തദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

സ്വയംഭരണ സമിതികളും കുടുംബശ്രീ യൂണിറ്റുകൾക്ക് എല്ലാവിധ സഹായങ്ങളും നൽകേണ്ടതുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ സ്ത്രീ യൂണിറ്റുകളല്ലാതെ പുരുഷ ശക്തി യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തദ്ദേശഭരണ സമിതികൾ പുരുഷശക്തി യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ട്. ഗവൺമെന്റ് ഇത്തരം യൂണിറ്റുകളെ സഹായിക്കാനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, കുടുംബശ്രീ പദ്ധതിയിലൂടെ തന്നെ യുവശ്രീ എന്നൊരു പദ്ധതി ഉണ്ട്. അത് അൻപതിനായിരത്തോളം അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ കണ്ടെത്താനുള്ള ഒരു പദ്ധതിയാണ്. പ്രസ്തുത പദ്ധതിയിൽ സ്ത്രീകളും പുരുഷൻമാരുമുണ്ട്. കുടുംബശ്രീതന്നെ ഇക്കാര്യത്തിൽ മുന്നോട്ടു വരുകയാണ്. ഗവൺമെന്റിന് പുരുഷശക്തിയോട് വലിയ വിരോധ മൊന്നുമില്ല.

ശ്രീ. എം. എ. വാഹിദ്: സർ, സ്വാശ്രയ ഗ്രാമങ്ങൾക്ക് 1991-1997 കാലഘട്ടത്തിൽ, അതായത് യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് സെൽഫ് റിലയൻസ് വില്ലേജ് സ്കീം ഉണ്ടായിരുന്നു. ഒരു നിയോജകമണ്ഡലത്തിൽ നിന്ന് ഒരു പഞ്ചായത്തെന്ന കണക്കിന് 140 പഞ്ചായത്തുകളെ തെരഞ്ഞടുത്തുകൊണ്ട് പ്ളാനിംഗ് ബോർഡിന്റെ കീഴിൽ ഒരു പദ്ധതിയുണ്ടാക്കിയിരുന്നു. ആ പദ്ധതി മിക്ക വാറും എല്ലാ പഞ്ചായത്തുകൾക്കും വളരെയേറെ പ്രയോജനം ചെയ്തിട്ടുണ്ട്. അങ്ങനെ പ്രയോജനം ഉണ്ടായ പഞ്ചായത്തുകളിൽ ഒന്നാണ് എന്റെ പഞ്ചായത്ത്. എന്റെ പഞ്ചായത്തിന് സ്വന്തമായ ഒരു ഓഫീസ് കെട്ടിടംപോലുമില്ലായിരുന്നു. ഈ സ്കീമിലൂടെയാണ് പഞ്ചായത്താഫീസിന് കെട്ടിടം ലഭ്യമായതും അതുപോലെയുള്ള ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞതും. ആ സ്കീം വീണ്ടും നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, 1991-1996 കാലഘട്ടത്തിൽ സംസ്ഥാനത്ത് നടപ്പാക്കിയ ഒരു പദ്ധതിയാണ് സ്വാശ്രയ ഗ്രാമങ്ങൾ എന്നുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പും പ്ളാനിംഗ് ബോർഡുംകൂടി ഒന്നിച്ച് നടപ്പിലാക്കിയതാണ്. ഇപ്പോൾ ഇങ്ങനെയുള്ള പദ്ധതികൾ നിലവിലില്ല. അത്തരം പദ്ധതികളുടെ പ്രവർത്തനംകൂടി ഏറ്റെടുത്തുകൊണ്ടാണ് കുടുംബശ്രീയിലൂടെയുള്ള പദ്ധതികൾ നടത്തുന്നത്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, വിഭവ സർവ്വേ സംബന്ധിച്ച് ആവശ്യമില്ലാത്ത വിവാദങ്ങളാണ് ഉയർന്നുവന്നിട്ടുള്ളതെന്ന് ഇപ്പോഴെങ്കിലും ബോധ്യപ്പെടുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളേയും ഉൾപ്പെടുത്തിക്കൊണ്ട് വിശിഷ്യ തീരദേശ ഗ്രാമങ്ങളെ സമ്പൂർണ്ണമായി ഉൾപ്പെടുത്തി, വിഭവ സർവ്വേ നടത്തി ഭൂപടം തയ്യാറാക്കി സി.ഡി.യാക്കി സൂക്ഷിച്ചാൽ അത് ഇനി വരും കാലങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിലും വളരെയധികം പ്രയോജനപ്രദമായിരിക്കും. പ്രകൃതി ദുരന്തമുണ്ടായാൽ യഥാർത്ഥത്തിൽ ഉണ്ടായ നഷ്ടം എത്രയാണെന്ന് അറിയുന്നതിനും നഷ്ടമുണ്ടായ വർക്ക് ആവശ്യമായ സഹായം നൽകുന്നതിനും അവരുടെ പുനരധിവാസമുൾപ്പെടെയുള്ള കാര്യങ്ങൾക്കും വിഭവ സർവ്വേ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചാൽ സഹായകരമാകും. അതുകൊണ്ട് ഇത്തരം സംരംഭത്തിന് മുൻകയ്യെടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: അതിന് വിരോധമില്ല. വിഭവ ഭൂപട സർവ്വേ നടത്തേണ്ടത് പഞ്ചായത്തുകളാണ്. ലോക്കൽ ലെവൽ പ്ളാനിംഗിനാണ് വിഭവ ഭൂപടം പ്രധാനമായും ഉപയോഗപ്പെടുത്തുന്നത്. പഞ്ചയാത്തുകൾക്ക് അവ തയ്യാറാക്കുന്നതിനാവശ്യമായ നിർദ്ദേശം കൊടുക്കാം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രി സഭയിൽ നൽകിയ മറുപടി തെറ്റിദ്ധാരണാജനകമാണ്. ഗ്രാമവികസനം ഉദ്ദേശിച്ചുകൊണ്ട് കേരളത്തിലെ പത്തുപന്ത്രണ്ടു ബ്ളോക്കുകളെ 'പുരാ' പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്ന് പറയുകയുണ്ടായി. പക്ഷേ സമർപ്പിച്ചത് അവിടെ മീറ്റിംഗ്കൂടി തീരുമാനമെടുത്തതിനുശേഷമാണ് എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രി മറച്ചുവച്ചു. പയ്യന്നൂർ ഉൾപ്പെടെയുള്ള ബ്ളോക്കുകൾ 'പുരാ' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'പുരാ' പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): ഇക്കാര്യത്തിൽ എല്ലാ നടപടിയും സ്വീകരിക്കാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി നേരത്തേ പറഞ്ഞതിന്റെ കൂടെ മറ്റൊന്നുകൂടി കൂട്ടിച്ചേർത്തു ചോദിക്കുകയാണ്. കുടുംബശ്രീയുടെ പല യൂണിറ്റുകളും നഗരസഭകളിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്ന ജോലി ചെയ്യുന്നുണ്ട്. ഇത്തരം ജോലികളിൽ ധാരാളം സഹോദരിമാർ ഏർപ്പെടുന്നുണ്ട്. അവർക്ക് കൊടുക്കുന്ന വേതനം വളരെ ചെറുതാണ്. നഗരസഭകളിൽ ഇത്തരം ജോലി ചെയ്യുന്ന കണ്ടിൻജന്റ് ജീവനക്കാരുടെ വേതനവുമായി നോക്കിയാൽ ഇവർക്ക് കൊടുക്കുന്നത് വളരെ ചെറിയ വേതനമാണ്. വളരെ നിസ്സാരമാണ്. ഇതൊക്കെ അൺഫെയർ ലേബർ പ്രാക്ടീസല്ലേ? നഗരസഭകളും കുടുംബശ്രീ പ്രസ്ഥാനവുംവഴി പാവപ്പെട്ട സ്ത്രീകളെ കടുത്ത ചൂഷണത്തിന് വിധേയമാക്കുന്ന നടപടി ശരിയാണോ; അവർ ചെയ്യുന്ന ജോലിക്ക് തുല്യമായ വേതനം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: തൊഴിലില്ലാത്ത സ്ത്രീകൾക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുക എന്നുള്ള ലക്ഷ്യം മാത്രമേ ഗവൺമെന്റിനുള്ളൂ. ന്യായമായ

LIBRARY ARCHIVES Kerala Legislative Assembly

വേതനം കിട്ടുന്നില്ല അല്ലെങ്കിൽ വേതനം കുറവാണെന്ന് കണ്ടെത്തുകയാണെങ്കിൽ ന്യായമായ വേതനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. മോയിൻകുട്ടി: കേരളത്തിലെ കുടുംബശ്രീ അഭിമാനിക്കാവുന്ന, ഉദാത്തമായ, അനുഗൃഹീതമായ ഒരു സംരംഭമാണ്. ചില രാഷ്ട്രീയ പാർട്ടികൾ മുതലെടുപ്പ് നടത്തുന്നതിന്റെ ഫലമായി.....

മി. സ്പീക്കർ: ചോദ്യം ചോദിക്കൂ. രാഷ്ട്രീയം അതിലും വേണോ?

ശ്രീ. സി. മോയിൻകുട്ടി: കുടുംബശ്രീ അംഗങ്ങൾ സ്വന്തം യൂണിഫോമിൽ ജാഥയിൽ പങ്കെടുക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയുന്നതിനു വേണ്ടി വല്ല നടപടിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(മറുപടി പറഞ്ഞില്ല)

ശ്രീ. വി. കെ. ചന്ദ്രൻ: ദാരിദ്ര്യ ലഘൂകരണത്തിനുവേണ്ടി ആരംഭിച്ചിട്ടുള്ള കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ മറ്റു ചില പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന് ആവശ്യമായ സാമ്പത്തികം കണ്ടെത്തുന്നത് സാമ്പത്തിക ഏജൻസികളിൽനിന്നാണ്. പിന്നീട് സാമ്പത്തിക ഏജൻസികൾക്ക് പണം തിരിച്ചുകൊടുക്കാൻ കഴിയാത്ത സ്ഥിതിയും കുടുംബശ്രീ യൂണിറ്റുകൾക്കുണ്ട്. ഇത്തരം യൂണിറ്റുകൾ പ്രവർത്തനരഹിതമായി മാറിയിരിക്കുകയാണ്. ഇത്തരം യൂണിറ്റുകളെ സഹായിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: പ്രവർത്തനരഹിതമായ ഏതെങ്കിലും യൂണിറ്റുകളുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ ഗവൺമെന്റ് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ഗ്രാമപ്രദേശങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ പൊതുവേ കറിപൗഡർ, ഉപ്പേരി, റെഡിമെയ്ഡ് വസ്ത്രങ്ങൾ തുടങ്ങി ഒരേ തരത്തിലുള്ള വസ്തുക്കളാണ് ഉല്പാദിപ്പിക്കുന്നത്. ഇത്തരത്തിൽ ഒരേ തരത്തിലുള്ള വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതുകൊണ്ട് വിറ്റഴിക്കാനും ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ബാങ്കുകൾ വായ്പ തരാൻ തയ്യാറാകുന്നുണ്ട്. ഇത്തരത്തിലുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് ജോബ് ഓറിയന്റഡ് ട്രെയ്നിംഗ് കൊടുത്തുകൊണ്ട് അവയെ പുതിയ വൈവിധ്യമാർന്ന മേഖലയിലേയ്ക്ക് തിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: സൂക്ഷ്മമായി പരിശോധിച്ച് വിപണന സാധ്യതയുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ മുന്നോട്ടുവരണമെന്നുള്ള നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly